

# ഇൻന്ത്യൻ കാത്തലിക് കമ്മ്യൂണിറ്റിയുടെ വാർഷിക ധ്യാനത്തിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

സർവ്വചരാചരങ്ങളുടേയും സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, അങ്ങേ പ്രിയ പുത്രന്റെ രക്ഷാകരസന്ദേശം ശ്രവിച്ചും അവിടുത്തെ ദിവ്യബലിയുടെ അനന്തശക്തിയും, ജീവനും പ്രാപിച്ചും ജീവിത നവീകരണം പ്രാപിക്കാൻ അങ്ങ് ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന വാർഷിക ധ്യാനത്തെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അവിടുത്തെ പരിശുദ്ധാത്മാവിനെ അയച്ച് ധ്യാനശുശ്രുഷകളേയും, ധ്യാനഗുരുക്കന്മാരേയും, ധ്യാനദിനങ്ങളേയും ഞങ്ങളേയും അഭിഷേകം ചെയ്യണമേ. സകല വിശ്വാസികളും ഈ ധ്യാനത്തിൽ പങ്കെടുക്കുവാനും ആത്മവിശുദ്ധികരണം പ്രാപിക്കുവാനും ഇടയാകട്ടെ. ധ്യാനം നടത്തപ്പെടുന്ന സ്ഥലത്തേയും എല്ലാ സംഘാടകരേയും മദ്ധ്യസ്ഥ പ്രാർത്ഥനാടീമിനേയും എല്ലാ ശുശ്രുഷകരേയും അനുഗ്രഹിക്കണമേ. നല്ല കാലാവസ്ഥയും അനുകൂലമായ സാഹചര്യങ്ങളും ഒരുക്കിത്തരണമേ. ഈ ധ്യാനം വഴിയായി ഞങ്ങളുടെ ദേശത്തിലും ക്രൈസ്തവ കൂട്ടായ്മകളിലും എല്ലാ സമൂഹങ്ങളിലും കുടുംബങ്ങളിലും ഐക്യവും അഭിഷേകവും നിറയട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ വിമല ഹൃദയത്തിന് ഞങ്ങളേയും ശുശ്രുഷകരേയും ശുശ്രുഷകളേയും പ്രതിഷ്ഠിക്കുന്നു. ആമ്മേൻ.

1.സ്വർഗ്ഗ ... 1.നന്മ ... 1.ത്രിത്വ ...